150 YEARS OF CELEBRATING THE MAHATMA

Break the Chain

**<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>**
(ഹാജർ: ഷീബ ജോർജ് IAS )

ഉത്തരവ് നം. sjd/4454/2020-pc3

തിരുവനന്തപുരം,
തീയതി. 19/01/2021

വിഷയം: കോവിഡ് 19 വാക്സിനേഷൻ- ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ഒബ്സർവർമാരായി നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം : NHM State Mission ഡയറക്ടറുടെ 13/01/20201 ലെ NHM/3821/ADMIN1/2020/SPMSU നം. കത്ത്

കോവിഡ് 19 വാക്സിനേഷനുമായി ബന്ധപ്പെട്ട് സംസ്ഥാന ടാസ്ക് ഫോഴ്സിൻറെ 11/01/2021 ലെ യോഗ തീരുമാനം പ്രകാരം വാക്സിൻ വിതരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പിൽ നിന്നും ജില്ലാതല ഒബ്സർവേർമാരെ നിയമിക്കുന്നതിന് പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ കോവിഡ് 19 വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട വകുപ്പ് തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള ജില്ലാതല ഒബ്സർവർമാരായി നിലവിലെ ഡിസ്ട്രിക്ട് ടാസ്ക് ഫോഴ്സ് മെമ്പർമാർ കൂടിയായ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

വകുപ്പിന്റെ ജില്ലാതല നിരീക്ഷകർ കോവിഡ് വാക്സിനേഷൻ വിതരണവുമായി ബന്ധപ്പെട്ടുള്ള ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പിൻതുടരേണ്ടതും ഘട്ടം ഘട്ടമായി നടത്തപ്പെടുന്ന ഇമ്മ്യൂണൈസേഷൻ പരിപാടിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി സാമൂഹ്യനീതി വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ജില്ലാ തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ വിധ സഹായ സഹകരണങ്ങളും പിന്തുണയും ലഭ്യമാക്കേണ്ടതുമാണ്. വകുപ്പിന്റെ ജില്ലാ തലത്തിലെ കാര്യാലയങ്ങൾ വാക്സിനേഷൻ സെന്ററുകളായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ പ്രസ്തുത കാര്യാലയങ്ങളുടെ പേര് വിവരങ്ങൾ യഥാസമയം തിരുവനന്തപുരം നാഷണൽ ഹെൽത്ത് മിഷനുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതും ( 99462-92222) നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

<u>പകർപ്പ് :</u>

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്